**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **21-06-2024 - ൽ മറുപടിയ്ക്ക്**

**സി.എ.എ-എൻ.ആർ.സി പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി.എ.എ-എൻ.ആർ.സി. പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് കേരള പോലീസ് എടുത്ത എത്ര കേസുകൾ സംസ്ഥാന സർക്കാർ ഇതിനോടകം പിൻവലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.**<br><br>**പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയ 551 കേസ്സുകളും ഉൾപ്പെടെ 640 കേസ്സുകൾ ബഹു. കോടതിയിൽ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിട്ടുണ്ട്. ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ? | (ബി) | **പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധസമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021 ലെ സ.ഉ.(കൈ)നം.** |

| | | | |
|---|---|---|---|
| | | | **70/2021/ആഭ്യന്തരം പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.**<br><br>**പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയ 551 കേസ്സുകളും ഉൾപ്പെടെ 640 കേസ്സുകൾ ബഹു. കോടതിയിൽ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിട്ടുണ്ട്. ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| **ജില്ലകൾ** | **കേസ്സുകളുടെ എണ്ണം** | **തീർപ്പായ കേസ്സുകളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം സിറ്റി | 39 | 8 |
| തിരുവനന്തപുരം റൂറൽ | 47 | 31 |
| കൊല്ലം സിറ്റി | 15 | 8 |
| കൊല്ലം റൂറൽ | 29 | 5 |
| പത്തനംതിട്ട | 16 | 6 |
| ആലപ്പുഴ | 25 | 22 |
| കോട്ടയം | 26 | 22 |
| ഇടുക്കി | 17 | 11 |
| എറണാകുളം സിറ്റി | 17 | 15 |
| എറണാകുളം റൂറൽ | 38 | 24 |
| തൃശൂർ സിറ്റി | 66 | 63 |
| തൃശൂർ റൂറൽ | 20 | 18 |
| പാലക്കാട് | 85 | 77 |
| മലപ്പുറം | 93 | 70 |
| കോഴിക്കോട് സിറ്റി | 56 | 48 |
| കോഴിക്കോട് റൂറൽ | 103 | 85 |
| വയനാട് | 32 | 27 |
| കണ്ണൂർ സിറ്റി | 54 | 50 |
| കണ്ണൂർ റൂറൽ | 39 | 36 |
| കാസർഗോഡ് | 18 | 14 |
| **ആകെ** | **835** | **640** |

സെക്ഷൻ ഓഫീസർ